**File No.LSGD-EPA1/208/2019-LSGD**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ.അബ്ദുൾ സലാമിന്റെ ഹാജരില്ലായ്മക്കാലയളവുകൾ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2622/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/11/2019

==========================================================================

പരാമർശം:- 1 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2 ശ്രീ.അബ്ദുൾ സലാമിന്റെ 14.12.2018, 14.08.2019എന്നീ തീയതികളിലെ ശൂന്യവേതനാവധിയപേക്ഷകൾ.

3 പഞ്ചായത്ത് ഡയറക്ടറുടെ 20.10.2019 ലെ ഇ6-25327/18നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ.അബ്ദുൾ സലാമിന്റെ 27.01.2011 മുതൽ 15.05.2011, 19.05.2011 മുതൽ 20.11.2011, 17.09.2014 മുതൽ 05.02.2016 വരെയുമുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ടിയാൻ 14.08.2009 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ശ്രീ.അബ്ദുൾ സലാമിന് 27.01.2011 മുതൽ 15.05.2011 വരെ പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ശൂന്യവേതനാവധി റദ്ദ് ചെയ്തിട്ടുണ്ട്. ടിയാൻ 27.01.2011 മുതൽ 15.05.2011 വരെ, 19.05.2011 മുതൽ 20.11.2011 വരെയുള്ള തീയതികളിലേക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും, 16.05.2011, 21.11.2011 എന്നീ തീയതിയിലുള്ള ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റുകളും ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ.അബ്ദുൾ സലാമിന് 27.01.2011 മുതൽ 15.05.2011

വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലല്ലാതെയും, 19.05.2011 മുതൽ 20.11.2011 വരെ ടി കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ല എന്ന വ്യവവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലും കെ. എസ്.ആർ ഭാഗം 1, ചട്ടം 88(ii) ൽ ഇളവ് വരുത്തിയും 17.09.2014 മുതൽ 05.02.2016 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം ഒന്ന്, ചട്ടം 88 പ്രകാരവും ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാന്റെ അവധിക്കാലയളവുകൾ ഒഴിവാക്കി പ്രൊബേഷൻ കാലയളവ് കണക്കാക്കി പ്രൊബേഷൻ പൂർത്തിയാക്കിയതായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.അബ്ദുൾ സലാം, മുൻ ക്ലാർക്ക്, പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്, മലപ്പുറം

ധന വകുപ്പ്(19.11.2019 ലെ ഡെവ 1/270/2019/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(208/ഇപിഎ1/2019/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ